ജി (2) 24816/14

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 24.11.2014

E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

# സർക്കുലർ നമ്പർ 54/2014

വിഷയം : സഹകരണവകുപ്പ് – ശ്രീ. ബി.എം. ഷെരീഫിന്റെ സ്മരണക്കായി ഒ.പി. വിഭാഗം – കൊല്ലം ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന – അനുവാദം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) ശ്രീ. സി. ദിവാകരൻ എം.എൽ. എ. യുടെ 28.05.2014 ലെ അപേക്ഷ.
2) സർക്കാരിന്റെ 30.10.2014 ലെ 7396/പി.എസ്.1/2014/സഹ. നമ്പർ കത്ത്.

........................

കരുനാഗപ്പള്ളിയിലെ മുൻ നിയമസഭാ അംഗവും പ്രമുഖ സഹകാരിയുമായ ശ്രീ. ബി.എം. ഷെരീഫ് കൊല്ലം ജില്ലാ ബാങ്ക് പ്രസിഡന്റ്, കരുനാഗപ്പള്ളി താലൂക്ക് കാർഷിക വികസന ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുള്ള വ്യക്തിയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ദീർഘകാലം പ്രവർത്തിച്ച അദ്ദേഹത്തിന്റെ സ്മരണക്കായി കരുനാഗപ്പള്ളി സർക്കാർ താലൂക്ക് ആശുപത്രിയിൽ ഒരു ഒ.പി. വിഭാഗം പണിയുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിലേക്കായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിനു വേണ്ടി ലഭിച്ച അപേക്ഷയിൽ സൂചന (2) പ്രകാരം സർക്കാരിൽ നിന്നു വേണ്ട നിർദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന കൊല്ലം ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 56 (2) (ഡി) പ്രകാരം സൃഷ്ടിച്ചിട്ടുള്ള പൊതു നന്മാ ഫണ്ടിൽ നിന്നും സംഭാവന ചെയ്യുന്നതിന് ഇതിനാൽ അനുമതി നൽകുന്നു.

(ഒപ്പ്)
**എസ്. ലളിതാംബിക ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്

1) ശ്രീ. സി. ദിവാകരൻ എം.എൽ.എ.
2) ജോയിന്റ് രജിസ്ട്രാർ (ജനറൽ), കൊല്ലം.
3) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), കൊല്ലം.
4) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും/ അസിസ്റ്റൻറ് ഡയറക്ടർമാർക്കും (ജോയിന്റ് രജിസ്ട്രാർ/ ജോയിന്റ് ഡയറക്ടർ മുഖേന)
5) എഡിറ്റർ,സഹകരണ വീഥി.
6) വെബ്സൈറ്റ്.
7) സ്റ്റോക്ക് ഫയൽ.